പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1525 | 15.02.2016-ൽ മറുപടിക്ക്

# പാർട്ട്ണർ കേരള മിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പാർട്ട്ണർഷിപ്പ് കേരള മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | 2014 സെപ്റ്റംബർ 27-ാം തീയതി സ.ഉ (സാധാ) നം. 2940/തസ്വഭവ/2014 പ്രകാരം പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിയ്ക്കാനുദ്ദേശിക്കുന്നത് ; | (ബി) | ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിനും പ്രദേശിക സർക്കാരുകൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സർക്കാർ ഏജൻസിയാണ് പാർട്ട്ണർ കേരള മിഷൻ. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പ്രദേശിക സർക്കാരുകളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>2. മെസേസ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.<br><br>3. പാർട്ട്ണർ കേരള മിഷനും പ്രദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്ന പ്രാദേശിക സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br><br>4.പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു.<br><br>5. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പു വരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടന്നു കഴിഞ്ഞിട്ടുണ്ട്. |

6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാദ്ധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്കുഷോപ്പുകൾ നടത്തിയിട്ടുണ്ട്.

8. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളെ സംബന്ധിച്ച് സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 7 ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

9. പതിനേഴ് പ്രേജക്ടുകൾക്ക് ആർ. എഫ്. ക്യൂ ക്ഷണിച്ചിട്ടുണ്ട്.

10. ഇതിൽ ഏഴ് പ്രോജക്ടുകൾക്ക് ഒന്നിലധികം അപേക്ഷകൾ ലഭിക്കുകയുണ്ടായി.

11. ഏഴ് പ്രോജക്ടുകളിൽ രണ്ട് പ്രേജക്ടുകൾക്ക് ആർ.എഫ്.പി നൽകിയിട്ടുണ്ട്.

12. മൂന്ന് പ്രോജക്ടുകളുടെ ആർ.എഫ്.പി ഉടൻ നൽകുന്നതാണ്.

13. പത്ത് പ്രോജക്ടുകൾ ടെണ്ടർ നടപടിയിലാണ്.

14. പുതിയ പ്രോജക്ടുകളുടെ സാധ്യതാ പഠനം കിറ്റ്കോ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ